(c) ചോദ്യം വിശദമായിട്ടില്ല. എവിടെയാണ് പരസ്യം ചെയ്തത് എന്ന് അറിയുന്നില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: ഈ ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളുകൾ ഇതിനിടക്ക് ജനങ്ങൾക്ക് വല്ല ഉപദ്രവവും ചെയ്തതായിട്ട് വല്ല കേസ്സുകളും ഉണ്ടായിട്ടുള്ളതായിട്ട് ഗവൺമെൻറിനറിയാമോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇല്ല.

POLICE RECRUITMENT—ARAYAS & VALAS.

440. മിസ്റ്റർ സി. കെ എസ്സ്. മണി: താഴെ പറയുന്ന ചോദ്യത്തിന് ഗവൺമെണ്ടു ഭയവായി മറുപടി പറയുമോ:—

(a) കഴിഞ്ഞ പോലീസ് തിരഞ്ഞെടുപ്പിൽ അരയ-വാലന്മാരിൽനിന്നും വല്ല അപേക്ഷകന്മാരുണ്ടായിരുന്നോ;

(b) അവരിൽനിന്നും ആരെയെങ്കിലും തിരഞ്ഞെടുത്തിട്ടുണ്ടോ?

റാവു ബഹദൂർ എം. നാരായണ മേനോൻ:

(a) ഇല്ല.

(b) മറുപടി ആവശ്യമില്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഈ തിരഞ്ഞെടുപ്പു നടത്തുന്നതു പൊല്ലിസ്സ് കമ്മീഷണർ നേരിട്ടാണോ?

റാവുബഹദൂർ എം. നാരായണമേനോൻ: അതേ.

മിസ്റ്റർ സി. കെ. എസ്സ്. മണി: തിരഞ്ഞെടുപ്പു നടത്തുന്ന ദിവസത്തിനു മുമ്പ് ഇന്നയിന്ന സമുദായങ്ങളിൽനിന്നു പൊല്ലിസ്സ് സൈന്യത്തിലേക്ക് ആളുകളെ എടുക്കണം എന്നു നിശ്ചയിക്കാറുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: തിരഞ്ഞെടുപ്പു തിയ്യതി എല്ലാവരുടേയും അറിവിലേക്ക് പ്രസിദ്ധം ചെയ്യാറുണ്ട്.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഞാൻ ചോദിക്കുന്നതു തിരഞ്ഞെടുപ്പു നടക്കുന്നതിനുമുമ്പ് ഇന്നയിന്ന സമുദായങ്ങളിൽനിന്നു തിരഞ്ഞെടുക്കണമെന്നു ഗവൺമെൻറ് തീർച്ചയാക്കാറുണ്ടോ?

റാവു ബഹദൂർ എം. നാരായണമേനോൻ: ഇല്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: അരയ-വാലന്മാരിൽ നിന്നും അപേക്ഷകന്മാരുണ്ടായിരുന്നില്ല എന്നു പറഞ്ഞു. എനിക്ക് സൂക്ഷ്മമായിട്ടറിയാം ഉണ്ടായിരുന്നു എന്ന്.

റാവുബഹദൂർ എം. നാരായണമേനോൻ: ഞാൻ പ്രത്യേകിച്ചു വിളിച്ചു ചോദിച്ചു അരയന്മാരിൽനിന്നും വല്ലവരുമുണ്ടോ എന്ന്.

മിസ്റ്റർ സി. കെ. എസ്സ്. മണി: അരയന്മാരിൽനിന്നു മാത്രമല്ല വാലന്മാരിൽനിന്നും ഉണ്ടായിരുന്നോ എന്നാണ് എന്റെ ചോദ്യം.

റാവുബഹദൂർ എം. നാരായണമേനോൻ: അരയന്മാരിൽനിന്നും ഇല്ല. വാലന്മാരിൽനിന്നും ഉണ്ടായിരിക്കാം.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ: പൊല്ലീസ്സ് തിരഞ്ഞെടുപ്പിനു സ്ത്രീകളുടെ അപേക്ഷ വല്ലതും കിട്ടീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ എം. നാരായണമേനോൻ: കിട്ടീട്ടില്ല.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ: അപേക്ഷ വന്നാൽ എടുക്കുമോ?

റാവുബഹദൂർ എം. നാരായണമേനോൻ: അപേക്ഷ വന്നാലെ എടുക്കാമൊ എന്നുള്ളതിനെപ്പറ്റി ആലോചിക്കാൻ തരമുള്ള.

മിസിസ്സ് തങ്കമ്മ എൻ. മേനോൻ: തിരുവിതാംകൂറിലും മറ്റും സ്ത്രീകളെ പൊല്ലീസ്സിൽ നിയമിച്ചിട്ടുണ്ട്. പിന്നെ ഇവിടെ നിയമിക്കുന്നതിൽ എന്താണ് വിരോധം?

റാവുബഹദൂർ എം. നാരായണമേനോൻ: നാമും അതുപോലെ ആകാതിരിക്കുവാനാണ് എന്റെ പ്രാർത്ഥന. (ചിരി).

B. FORMS—FOREST DEPARTMENT—ISSUE OF.

441. **Mr. P. K. Madhava Menon** (*Narakkal*): Will the Government be pleased to state:—

(*a*) how long does it generally take for the Forest Department to issue B. Forms after receipt of application from parties;

(*b*) whether there is any objection to issue instructions to the Officers concerned to expedite the issue of these passes by having them countersigned and handed to the parties, immediately after the logs have been checked and chopped?

Mr. S. Venkiteswaran (*Offg. Conservator of Forests*):

(*a*) From seven to ten days.

(*b*) There is no occasion to issue such instructions in view of the present practice of having the passes ready for issue as soon as the verification and stamping of the materials are over.

Mr. P. K. Madhava Menon (*Narakkal*): May I know if there were many cases within the last one year where a long time has been taken for the issue of these passes?

Mr. S. Venkiteswaran (*Offg. Conservator of Forests*): In certain cases more time was required.

LABOURERS IN NELLIAMPATHIES PLANTATIONS—WAGES—PAYMENT OF.

442. **Mr. T. V. Subramania Ayyar** (*Nemmara*): Will the Government be pleased to state:—

(*a*) are the Government aware that the labourers working in the plantation areas of the Nelliampathies are paid their wages in kind instead of in cash charging prohibitive rates for the provisions supplied;

(*b*) are the Government aware that there is widespread discontent among the labourers on account of this system;

(*c*) will the Government be pleased to enquire into the matter and rectify the state of affairs?

LIBRARY ARCHIVES Kerala Legislative Assembly